പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 138 — 10-12-2012 -ൽ മറുപടിക്ക്.

## കഞ്ചാവ് കൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവ് കൃഷി വ്യാപകമായിരിക്കുന്നത് സർക്കാരിനറിയാമോ; കഞ്ചാവ് കൃഷി നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; | (എ) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനമേഖലകളിലും, കഞ്ചാവ് കൃഷി ചെയ്യാൻ സാധ്യതയുള്ള പ്രദേശങ്ങളിലും, ഫോറസ്റ്റ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന്, എക്സൈസ് ഇന്റലിജൻസ് ബ്യൂറോ, രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും, സംയുക്ത റെയ്ഡുകൾ നടത്തുകയും ചെയ്തുവരുന്നു. കൂടാതെ, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റിനർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, സർക്കിൾആഫീസുകൾ, റേഞ്ച് ആഫീസുകൾ എന്നിവയുടെ പ്രവർത്തനത്തിലൂടെ ആയത് നിരീക്ഷിക്കുകയും ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ പ്രവർത്തിക്കാതിരിക്കുന്നതുമൂലം കഞ്ചാവ് കൃഷി കണ്ടെത്താനും നശിപ്പിക്കാനും കഴിയാതിരിക്കുന്നുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽ കഞ്ചാവ് കൃഷി കണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തു; എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി? | (സി) | സർക്കാർ അധികാരത്തിൽ വന്നശേഷം, കോട്ടയം ഡിവിഷനിൽ കഞ്ചാവ് കൃഷി സംബന്ധിച്ച് 1 കേസും, കൊല്ലം ഡിവിഷനിൽ 3 കേസുകളും, കൂടാതെ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് 44 കഞ്ചാവ് ചെടികൾ കണ്ടെത്തുകയും, 7 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ സംയുക്ത റെയ്ഡിലൂടെ 5450 കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിക്കുകയും, 1 കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ